പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4052</u> <u>20.03.2018 ൽ മറുപടിയ്ക്ക്</u>

## കാർഷിക മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികളുടെ അവലോകനം

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | 2016-17സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | പ്രഖ്യാപിച്ച പദ്ധതികളിൽ ഏതെങ്കിലും നടപ്പിലാക്കുവാൻ കഴിയാതെ വന്നിട്ടുണ്ടോ;എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | ബി) | 2016-17 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 11 പദ്ധതികളിൽ 10 എണ്ണത്തിന്റെ നിർവ്വഹണം ആരംഭിക്കുകയും അവയിൽ 6 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. 4 പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചുവരുന്നു. ഇവ താഴെ പറയും പ്രകാരമാണ്.<br>1. പച്ചക്കറി പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം.<br>2.ചക്ക ഗവേഷണത്തിനും പ്രചാരണത്തിനുമുള്ള പദ്ധതി<br>3. അഗ്രോപാർക്കുകളുടെ സ്ഥാപനം<br>4. പാരമ്പര്യവിത്തിനങ്ങളുടെ സംരക്ഷണം<br>കേരളത്തിലെ കാർഷിക വിപണന മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കുന്ന പുതിയ പദ്ധതിയായ"കേരളം അഗ്രികൾച്ചർ മാർക്കറ്റ് പ്രോജക്ട്" തയ്യാറാക്കി വരുന്നു. പുതിയ പദ്ധതിയായതിനാൽ ഇതിനുള്ള സമഗ്രപ്രോജക്ട് തയ്യാറാക്കുന്നതിന്റെ മുന്നോടിയായി വിപണനമേഖലയിലെ വിദഗ്ധരെയും പങ്കാളികളെയും വകുപ്പ് |

ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തികൊണ്ട് ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2018 ജനുവരി മാസം സമേതിയിൽ വച്ച് ഒരു ഏകദിനശിൽപ്പശാല സംഘടിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ